(1)	(2)	(3)
മലപ്പുറം	6	3,80,000
പാലക്കാട്	13	3,38,000
കോഴിക്കോട്	28	1,09,700
വയനാട്	11	5,000
കണ്ണൂർ	29	2,38,000
കാസർഗോഡ്	5	5,68,500

വൈക്കം മണ്ഡലത്തിലെ ക്യാൻസർ സാന്നിധ്യം

101 (2652) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ ക്യാൻസർ പടർന്നു പിടിക്കുന്നതായ മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോഗ്യവകുപ്പ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ വസ്തുതാ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തു നടപടികളാണ് വകുപ്പു തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും ഏതേതു പ്രദേശങ്ങളിലാണ് രോഗ വിവരം കൂടുതൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ ഈ മാധ്യമ വാർത്തയെ തുടർന്ന് അന്വേഷണം നടത്തുകയും വിവരശേഖരണം നടത്തുകയും വസ്തുതാപഠനം നടത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയത് പ്രകാരം ടി.വി.പുരം പഞ്ചായത്തിലാണ് ക്യാൻസർ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ടി പഞ്ചായത്തിൽ നിന്നും ക്യാൻസർ ബാധിതരായ ആൾക്കാരുടെ വിവര ശേഖരണങ്ങൾ നടത്തുകയും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വോളന്റിയർമാർക്കും, ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. വീട്ടു തോറുമുള്ള ആരോഗ്യ സർവ്വേ നടത്തിവരുന്നു. വൈക്കം ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളിലും സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വൈക്കം എം.എൽ.എ.-യുടെ താൽപ്പര്യ പ്രകാരം എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വിദഗ്ധരെയും ഉന്നത അധികാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല മീറ്റിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആശാവർക്കർമാരുടെ ഓണറേറിയം

102 (2653) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓണറേറിയം കഴിഞ്ഞ ആറ് മാസക്കാലമായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓണറേറിയം പ്രതിമാസം പതിനായിരം രൂപയായി നിശ്ചയിക്കണമെന്ന് ആശാവർക്കേഴ്സ് ഫെഡറേഷൻ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആശ ഓണറേറിയം 2014-15 മുതൽ പ്രതിമാസം 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ആശ ഓണറേറിയം അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ആയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly